# നിരൂപണത്തിലെ സാത്വികസഞ്ചാരം

കെ.പി. ശങ്കരനുമായുള്ള വർത്തമാനത്തിലൂടെ
അദ്ദേഹത്തിന്റെ നിരൂപണപദ്ധതി അന്വേഷിക്കുന്നു

■ എൻ.പി. വിജയകൃഷ്ണൻ

അറുപതുകൊല്ലം മുൻപാണ്. ഒരു ദിവസം പൈങ്കുളം രാമചാക്യാർ തന്റെ താല്പര്യക്കാരനായ നാരായണ പൊതുവാളോട് മകൻ ശങ്കരനെ ഉദ്ദേശിച്ച് ചോദിച്ചു.

“ഇയാളെ കുറച്ചു പഠിപ്പിക്കാൻ തരോ?"

രാമചാക്യാരോട് സ്നേഹാദരങ്ങളുള്ള പൊതുവാൾ മറുപടിയൊന്നും പറഞ്ഞില്ല. രാമചാക്യാർക്ക് കാര്യം വ്യക്തമായി. ഏഴാം ക്ലാസിൽ പഠിക്കുന്ന മകനെ ശനിയും ഞായറുമെങ്കിലും രാമചാക്യാരുടെ അടുത്തേയ്ക്കുവിടാൻ നാരായണപൊതുവാൾക്ക് താല്പര്യമില്ലായിരുന്നു. അങ്ങനെയൊരു കലാതല്പരത ഉണ്ടായിരുന്നുവെങ്കിൽ അദ്ദേഹം ശങ്കരനെ കലാമണ്ഡലത്തിൽ ചേർക്കുമായിരുന്നു. പൈങ്കുളത്തുനിന്നു ചെറുതുരുത്തിക്ക് മൂന്നരമൈൽ ദൂരമേയുള്ളൂ. മക്കൾക്ക് ആധുനിക വിദ്യാഭ്യാസം നൽകണമെന്നു ശഠിച്ച ആ കാലത്തെ അച്ഛന്മാരുടെ കൂട്ടത്തിലായിരുന്നു നാരായണപൊതുവാൾക്ക് സ്ഥാനം.

കേരളീയ കലകളുടെ ഭാവിയെക്കുറിച്ച് അദ്ദേഹത്തിന് ഉൽക്കണ്ഠ ഉണ്ടായിരുന്നിരിക്കണം. രാമചാക്യാരുടെ കീഴിൽ മുറയ്ക്കു പഠിച്ചിരുന്നുവെങ്കിൽ കൂത്തിലും കൂടിയാട്ടത്തിലും ശോഭിക്കാൻ ശങ്കരനു സാധിക്കുമായിരുന്നു. രാമചാക്യാരുടെ പിൽക്കാലമായി ശുദ്ധമായ വാക്ക്; കൂടിയാട്ടത്തിലെ നല്ല പച്ച. കലാമണ്ഡലത്തിൽ കഥകളി വേഷം പഠിച്ചിരുന്നുവെങ്കിൽ പച്ചയും മിനുക്കും ഭംഗിയായി കൈകാര്യം ചെയ്യാൻ കഴിയുമായിരുന്നു. ചെണ്ട അഭ്യസിച്ചിരുന്നെങ്കിൽ വൃത്തിയായി മുദ്രയ്ക്കു കൂടുന്ന മേളക്കാരനായി മാറുമായിരുന്നു. കൂത്തിലെ പൈങ്കുളം ചിട്ട, കഥകളിയിലെ കല്ലുവഴിച്ചിട്ട, തായമ്പകയിലെ മലമക്കാവ് സമ്പ്രദായം എന്നിവയുടെ പ്രതിനിധിയായി ശങ്കരൻ അടയാളപ്പെടുമായിരുന്നു. എന്നാൽ, ഇതൊന്നുമല്ല സംഭവിച്ചത്. പക്ഷേ, ഇതിൽ പലതും സംഭവിക്കുകയും ചെയ്തു. കെ.പി. ശങ്കരൻ എന്ന സാഹിത്യ നിരൂപകൻ രൂപപ്പെട്ടു. മുൻപു പറഞ്ഞ കലാശൈലികളുടെ പൊരുൾ എന്തോ അത് ശങ്കരന്റെ എഴുത്തിൽ തെളിഞ്ഞുനിൽക്കുകയും ചെയ്തു. കെ.പി. ശങ്കരന്റെ എഴുത്തിന് കഥകളിയിലെ സാത്വികമായ പച്ചവേഷത്തോടാണ് ചാർച്ച. അതും കല്ലുവഴിച്ചിട്ടക്കാരുടെ ആട്ടത്തോട്. വൃത്തിയായി ചൊല്ലിയാടിയ, ശരീരഭാഷയിൽ കേന്ദ്രീകരിച്ച, കഥാപാത്രത്തിന്റെയും ആട്ടക്കഥയുടെയും യുക്തിയിൽ അധിഷ്ഠിതമായി ഔചിത്യവിചാരത്തിലൂടെ സഞ്ചരിക്കുന്ന ഒരു വേഷക്കാരനെ ഓർമ്മിപ്പിക്കുന്നു കെ.പി. ശങ്കരന്റെ ശൈലി. വാഴേങ്കട കുഞ്ചുനായരുടെ സമീപനങ്ങളുമായിട്ടല്ലേ അതിനു അടുപ്പം എന്നും തോന്നാം.

തായമ്പകയിലെ ലാവണ്യവഴിയായ മലമക്കാവ് സമ്പ്രദായത്തിലെ വാദനശൈലിയുമായി ശങ്കരന്റെ എഴുത്തിന് പൊരുത്തം തോന്നാം. ആലിപ്പറമ്പ് ശിവരാമപ്പൊതുവാളുടെ തായമ്പകയെയൊക്കെ അത് ഓർമ്മിപ്പിക്കുന്നു. കഥകളിക്കൊട്ടിലാണെങ്കിൽ കലാമണ്ഡലം അച്യുണ്ണിപ്പൊതുവാളെയായിരിക്കും ശങ്കരൻ ഇഷ്ടപ്പെടുക. കൂത്തിലെയും കൂടിയാട്ടത്തിലെയും പൈങ്കുളം ശൈലിതന്നെ അദ്ദേഹത്തിന്റെ സ്വച്ഛഭാഷ. ആ പ്രഭാഷണത്തിനും ഇത്തരത്തിലൊരു നാടകീയതയുണ്ട്. എഴുത്തിനും ആത്മാംശം കലർന്ന വിശദീകരണത്തിലൂടെയുള്ള ശാഖാചംക്രമണം കാണുന്നു. ഈ നിലയ്ക്ക് കേരളീയകലയ്ക്ക് നഷ്ടപ്പെട്ട ഒരാൾ സാഹിത്യകലയ്ക്ക് നേട്ടമായതിന്റെ ഉദാഹരണമാണ് കെ.പി. ശങ്കരൻ.

പഴയ കൊച്ചിശ്ശീമയുടെ വടക്കേയറ്റത്ത് ഭാരതപ്പുഴയുടെ തീരത്ത്

പൈങ്കുളം ഗ്രാമത്തിലാണ് ശങ്കരൻ ജനിച്ചത്. 1939 മെയ് 15-ന്. അച്ഛൻ: നാരായണപ്പൊതുവാൾ അമ്മ: ശ്രീദേവി പൊതുവാൾസ്യാർ. അമ്പലവാസികളായ പൊതുവാൾ സമുദായത്തിൽ കൊട്ടുകാരായ ചെണ്ട പൊതുവാൾമാരും മാലകെട്ടുകാരായ മാലപൊതുവാൾമാരുമുണ്ട്. രണ്ടാമത്തെ വിഭാഗത്തിലാണ് ശങ്കരൻ ഉൾപ്പെടുക. ക്ഷേത്ര കഴക പ്രവൃത്തി മാലകെട്ടലും വിളക്കുപിടിക്കലുമാണ്. ചില ക്ഷേത്രങ്ങളിൽ അടിച്ചുതളിയും പതിവുണ്ട്. അവിടെ നമ്പീശന്മാരാണ് മാലകെട്ടുക. അത്തരത്തിലുള്ള ഒരു ക്ഷേത്രസംസ്കാരവുമായി ബന്ധപ്പെട്ടു വളർന്ന ബാല്യത്തെക്കുറിച്ച് ആത്മകഥാപരമായി കെ.പി. ശങ്കരൻ ഓർമ്മിക്കുകയാണ്.

''യഥാർത്ഥത്തിൽ പൈങ്കുളത്ത് ജനിച്ചു എങ്കിലും വളർന്നത് രായിരനല്ലൂരിലാണ്. പാലക്കാട് ജില്ലയിൽ പട്ടാമ്പി-കൊപ്പത്തുനിന്ന് വളാഞ്ചേരിയിലേയ്ക്കു പോകുന്നതിനിടയ്ക്കാണ് രായിരനല്ലൂർ. അവിടെ കുറുവാന്തൊടി കുടുംബത്തിന്റെ വക സ്കൂൾ ഉണ്ടായിരുന്നു. മൂന്നുവരെ വീട്ടിലിരുന്നു പഠിച്ചു. മൂന്നാം ക്ലാസിലാണ് ആദ്യം ചേർന്നത്. അച്ഛൻ മരാട്ട്മന കാര്യസ്ഥനായിരുന്നു. അവർക്ക് മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് കിഴക്കേ തലയ്ക്കൽ കളം ഉണ്ടായിരുന്നു. ഞാൻ കരുവാരക്കുണ്ടിലും താമസിച്ചിട്ടുണ്ട്. പെരുക്കപ്പട്ടികയും ശ്ലോകങ്ങളുമൊക്കെ അച്ഛന്റെ അടുത്ത് കേട്ടുപഠിക്കുകയാണുണ്ടായത്. രായിരനല്ലൂർ കുഗ്രാമമായിരുന്നു. നൂറ്റിയെട്ട് ദുർഗ്ഗാലയങ്ങളിലൊന്ന് രായിരനല്ലൂരാണ്. മുകളിൽ നാറാണത്തു ഭ്രാന്തന്റെ മല.

ഇണരായിരനല്ലൂരും
ക്രമത്താൽ ശാലരണ്ടുമേ

എന്ന് നൂറ്റിയെട്ട് ദുർഗ്ഗാലയങ്ങളെക്കുറിച്ചു പറയുന്ന കൂട്ടത്തിലുണ്ട്.

ദുർഗ്ഗാലയങ്ങൾ നൂറ്റെട്ടും
ദുഷ്കൃതം ദുരെ നീങ്ങുവാൻ
ദുഃഖങ്ങൾ നീങ്ങുവാൻ പോറ്റീ
ശ്രീ ദുർഗ്ഗദേവി നമോസ്തുതേ

എന്ന് അതിർത്തികൾ ലംഘിച്ചുള്ള ബ്രാഹ്മണിപ്പാട്ട് കേട്ടിട്ടുണ്ട്. പല സ്ഥലങ്ങളും ഇതിൽ വരുന്നതുകൊണ്ടാണ് അതിർത്തികൾ ലംഘിച്ചു എന്നു പറയുന്നത്. രായിരനല്ലൂർ മലയുടെ തൊട്ടുതാഴെയുള്ള ദുർഗ്ഗാക്ഷേത്രം സാമൂതിരിയുടെ ഭരണത്തിൻകീഴിലായിരുന്നു. ടിപ്പുവിന്റെ ആക്രണത്തിൽ കേടുപാടുകൾ പറ്റി. മാറോട് പൊട്ടിപ്പൊളിഞ്ഞതിന്റെ കൂമ്പാരം ഇതിന്റെ സൂചനയായി കാണാം. മുകളിൽ ദേവിയുടെ കാലടിയാണ് പ്രതിഷ്ഠ. ഭ്രാന്തനെകണ്ട് ദേവി ഓടിപ്പോയി എന്നാണ് കഥ.



കെ.പി. ശങ്കരൻ

## നമ്പീശൻ മാഷിന്റെ മലയാളം ക്ലാസ്സ്

ഞങ്ങൾക്ക് അവിടെ 'മാസം തൊഴലു'ണ്ട്. മലകയറൽ നല്ല അദ്ധ്വാനമാണ്. താഴെ വലിയമ്പലത്തിൽ ഞങ്ങൾക്ക് കഴകപ്രവൃത്തി ഉണ്ടായിരുന്നു. ബലിക്കല്ല് അടിച്ചുതളി, ശീവേലിക്ക് വിളക്കുപിടിക്കൽ ഒക്കെയാണ്. മൂന്നുനേരം ശീവേലിക്ക് പാണികൊട്ടൊക്കെയുണ്ട്. കുറുംകുഴൽപ്പറ്റുമായിട്ടുള്ള ദീപാരാധന, തുലാമാസത്തിൽ സംക്രാന്തി പൂരം, പന്ത്രണ്ടുദിവസത്തെ ഉത്സവം ഇങ്ങനെയൊക്കെയുള്ള അന്തരീക്ഷം. ശുദ്ധാശുദ്ധങ്ങൾ നല്ലപോലെ നോക്കിയിരുന്ന മുത്തശ്ശിമാരുടെ കാലം. മറ്റു വീടുകളിൽനിന്നൊന്നും ഒന്നും കഴിക്കാൻ പാടില്ല. കഴിച്ചു എന്നറിഞ്ഞാൽ 'തീണ്ടിത്തിന്നു വന്നിരിക്കുന്നു' എന്ന് ശകാരം കേൾക്കും.

അഞ്ചുവർഷം അതായത് മൂന്നു മുതൽ ഏഴുവരെ രായിരനല്ലൂരിൽ പഠിച്ചു. എല്ലാവരും നല്ല അദ്ധ്യാപകർ. കുന്നത്ത് ജനാർദ്ദനൻ മാഷ്. അദ്ദേഹത്തെ കുഞ്ഞുട്ടൻമാഷ് എന്നും വിളിക്കും. പരമേശ്വരൻ നമ്പീശൻ മാഷ് എന്നിവരെ ഓർമ്മിക്കുകയാണ്.

പരമേശ്വരൻ നമ്പീശൻ മാഷ് പഠിപ്പിച്ച മലയാളമാണ് എന്റെ എഴുത്തിന്റെ അടിസ്ഥാനം എന്നു പറയാം. അദ്ദേഹം ഉൽപ്രേക്ഷ പഠിപ്പിച്ച രംഗം ഇപ്പോഴും മനസ്സിലുണ്ട്. ക്ലാസ്മുറിയിൽനിന്ന് ജനലിലൂടെ നോക്കിയാൽ റോഡിനപ്പുറത്ത് ഒരു ആൽത്തറ കാണാം. ഈ ആൽത്തറയിൽ വൃദ്ധയായ ഒരു മുസ്ലിം സ്ത്രീ സ്ക്കൂൾകുട്ടികൾക്കായുള്ള കച്ചവടം നടത്തിയിരുന്നു. ഞങ്ങൾ അവിടെ ചുറ്റിപ്പറ്റി നിൽക്കുമ്പോൾ "അനക്കൊന്നും തിന്നാൻ പാട്ല്യലോ. പിന്നെന്തിനാ നിക്കണ്" എന്ന് ചോദിക്കുമായിരുന്നു. നമ്പീശൻ മാസ്റ്റർ ഒരിക്കൽ ക്ലാസെടുത്തത് ഇങ്ങനെ:

"എല്ലാവരും പുറത്തുനോക്കിൻ?"

"എന്താ കാണണത്?"

"റോഡ്"

"പിന്നെ?"

"ആല്?"

"ആലിന്റെ കൊമ്പ് എന്താ ചെയ്യണ്?"

ആലിന്റെ കൊമ്പ് ഇളകുന്നു.

"അതൊരു വസ്തുതയാണ്."

ആലിന്റെ കൊമ്പ് വെറുതെ ഇളകുകയല്ല. അത് അക്ഷമയോടെ നിങ്ങളെ മാടിവിളിക്ക്യാണ്."

വസ്തുത ഒന്ന് വ്യാഖ്യാനം വേറൊന്ന്. ഇതിനപ്പുറം ഉൽപ്രേക്ഷ എങ്ങനെ പഠിപ്പിക്കാനാണ്. മറ്റൊന്നിൻ ധർമ്മയോഗത്താൽ എന്നൊക്കെ എത്ര വിശദീകരിച്ചാലും ഈ അടിസ്ഥാന പാഠത്തിന്റെയടുത്തുവരുമോ? അതായിരുന്നു നമ്പീശൻ മാഷ്. സ്ക്കൂൾ വാർഷികത്തിന് അദ്ദേഹം തന്റേതായ ചില മത്സരങ്ങൾ ഏർപ്പെടുത്തിയിരുന്നു. അദ്ദേഹം ഒരു ശ്ലോകം ചൊല്ലും. ശാർദ്ദൂല വിക്രീഡിതത്തിലോ മന്ദാക്രാന്തയിലോ ഒക്കെയാവും. അദ്ദേഹം ഒരുതവണ ചൊല്ലിയാൽ ആ കേട്ട ഓർമ്മ വച്ച് അത് ചൊല്ലണം. മറ്റു ശ്ലോകങ്ങൾ കുട്ടികൾ പഠിച്ചുവന്ന് ചൊല്ലരുത് എന്നു കരുതി അദ്ദേഹം സ്വയം ശ്ലോകങ്ങൾ എഴുതുമായിരുന്നു. ഏകാഗ്രതാ പരിശോധനയാണ്. മാസ്റ്ററുടെ പരീക്ഷയിൽ ഞാനും പങ്കെടുക്കുകയുണ്ടായി. ആദ്യത്തെ തവണ സാധിച്ചില്ല. രണ്ടാമതു ചൊല്ലിക്കേട്ടപ്പോൾ ഞാനതുചൊല്ലുകയുണ്ടായി.

ഈയിടെ അന്തരിച്ച എച്ച്.കെ. പിഷാരൊടി, ചെറുളിയിൽ കുഞ്ഞുണ്ണി നമ്പീശന്റെ മകൻ വാസുദേവൻ നമ്പീശൻ എന്നിവരൊക്കെ ഈ സ്ക്കൂളിൽ അദ്ധ്യാപകരായിരുന്നു. ഒരു വളാഞ്ചേരി യാത്രയ്ക്കിടയിൽ തിരുവേഗപ്പുറ വച്ച് ചെറുളിയിൽ കുഞ്ഞുണ്ണി നമ്പീശനെ കാണാനും ഭാഗ്യം ഉണ്ടായി.

അച്ഛന്റെ കാര്യസ്ഥതയ്ക്കും സ്ഥലം മാറ്റം വന്നു. മരാട്ട്മന വികസിച്ചു. അച്ഛന് മഞ്ചേരിക്ക് മാറിത്താമസിക്കേണ്ടിവന്നു. മഞ്ചേരി ഗവ. ബോയ്സിലായി പിന്നെ പഠനം. അന്നത് ഡിസ്ട്രിക്ക് ബോർഡ് സ്ക്കൂളാണ്. ആറാം ക്ലാസിൽ ചേർന്നോട്ടെ എന്ന് അവിടുത്തെ നാരായണൻമാഷ് പറഞ്ഞു. ഫലത്തിൽ ഒരു കൊല്ലം നഷ്ടമായി. വി.കെ.കെ. മാഷായിരുന്നു മലയാളം പഠിപ്പിച്ചിരുന്നത്. തായാട്ടു ശങ്കരന്റെയും അധ്യാപകനായിരുന്നു. മൂസ്സ് മാഷ് അക്ഷരശ്ലോകമൊക്കെ ചൊല്ലിക്കും.

പിന്നെ ചെറുതുരുത്തിക്കു പോന്നു. അച്ഛന് കരുവാരക്കുണ്ടിലേക്കു മാറ്റമായി. കരുവാരക്കുണ്ടിൽനിന്നും കാളികാവിലേക്കു പോകുന്ന വഴി അരിമണൽ എന്ന പ്രദേശമുണ്ട്. അവിടെ കളംകാര്യങ്ങൾ നോക്കി നടത്താൻ അച്ഛൻ സൈക്കിളിൽ പോവുമായിരുന്നു. ഈ കാലത്താണ് ചെറുതുരുത്തിക്കുപോരുന്നത്. അവിടെ തേർഡ് ഫോമിൽ– ഏഴാംക്ലാസ്– ചേർന്നു. മാധവൻനായർ മാഷാണ് അന്ന് എനിക്ക് വേണ്ട പ്രോത്സാഹനങ്ങൾ നൽകിയത്. സ്ക്കൂൾ വാർഷികത്തിന് ഒരു സുബ്രഹ്മണ്യനായിരുന്നു അവിടെ കവിതാമത്സരത്തിന് സ്ഥിരം ഒന്നാമൻ. ഞാൻ ചേർന്ന കൊല്ലം ഒന്നാം സ്ഥാനം എനിക്കായി. അതൊരു വാർത്തയായി.

## എഴുത്തിനുള്ള ആദ്യത്തെ പ്രതിഫലം

എട്ടാംക്ലാസിൽ പഠിക്കുമ്പോൾ ഒരു പ്രബന്ധമത്സരത്തിന് ചേർന്നു. "ഞാനൊരു പെൺകുട്ടി ആയിരുന്നെങ്കിൽ" എന്നതായിരുന്നു ആൺകുട്ടികൾക്കുള്ള വിഷയം. പെൺകുട്ടികൾക്ക് നേരെ തിരിച്ചും. കെ.ബി. ദേവസേനയ്ക്കാണ് ഒന്നാം സമ്മാനം ലഭിച്ചത്. എനിക്ക് രണ്ടാം സമ്മാനവും. പത്താംക്ലാസിൽ പഠിക്കുമ്പോൾ കവിതാമത്സരത്തിന് ഒന്നാം സമ്മാനം ലഭിച്ചു. ഭൂദാനപ്രസ്ഥാനത്തിന്റെ അനുയായിയായിരുന്ന ശങ്കർറാവുദേവ് ചെറുതുരുത്തിയിൽവന്നു. ചങ്ങമ്പുഴയുടെ 'സൗഹാർദ്ദഗാനം' കേരള പദ്യപാഠാവലിയിൽ ഉണ്ടായിരുന്നു. പഠിക്കാനൊന്നുമില്ല. ശങ്കർറാവുദേവിന്റെ സ്വീകരണ യോഗത്തിൽ ഒരു മുന്നറിയിപ്പുമില്ലാതെ ഈ കവിതചൊല്ലാൻ നാരായണക്കുറുപ്പ് മാസ്റ്റർ എന്നെ വിളിച്ചു. 'താനതുചൊല്ലും' എന്നറിയാമായിരുന്നതുകൊണ്ടാണ് വിളിച്ചതെന്ന് മാസ്റ്റർ പിന്നീട് പറയുകയുണ്ടായി. അത് ഗുരുവിന്റെ അനുഗ്രഹമായി കാണുകയാണ്.

ഒമ്പതാം ക്ലാസ്സിൽ പഠിക്കുമ്പോൾ കലാമണ്ഡലം കേശവനോടൊപ്പം കലാമണ്ഡലത്തിൽ കവിതവായിച്ചത് ഓർമ്മവരുന്നു. വള്ളത്തോൾ വരാന്തയിൽ ചൂരൽകസേരയിൽ ഇരിക്കുന്നുണ്ട്. കവിത വായിച്ചുകഴിഞ്ഞ ഉടനെ ഞങ്ങളെ വിളിപ്പിച്ചു. അദ്ദേഹം ആകപ്പാടെ ഒന്നു നോക്കി. "തന്നന്നെ എഴ്തീതാണലോ. ല്ലേ."

ഞങ്ങൾ 'അതെ' എന്ന അർത്ഥത്തിൽ തലയാട്ടി. വള്ളത്തോൾ ഈ കവിത എൻ.വിയെ ഏല്പിച്ചു. ബാലപംക്തിയിൽ വേർതിരിച്ച് കവിത പ്രസിദ്ധപ്പെടുത്തി. അഞ്ച് ഉറുപ്പിക പ്രതിഫലം വന്നത് അദ്ഭുതമായി. എനിക്ക് സാഹിത്യസൃഷ്ടിക്ക് ലഭിക്കുന്ന ആദ്യത്തെ പ്രതിഫലമാണത്. വള്ളത്തോളിനെക്കുറിച്ച് മറ്റൊരു ഓർമ്മകൂടിയുണ്ട്. ഞാൻ സാഹിത്യസമാജം സെക്രട്ടറിയാണ്. വള്ളത്തോളിനെ സ്ക്കൂളിലേക്ക് കൊണ്ടുവന്നാലോ എന്ന ആലോചനയായി. മാധവൻനായർ മാഷ്ക്ക് വള്ളത്തോളിനെ പരിചയമുണ്ട്. ഞങ്ങൾ വള്ളത്തോളിന്റെ വീട്ടിലേക്കു ചെന്നു. അദ്ദേഹം ചൈനാ യാത്രകഴിഞ്ഞ് മടങ്ങിവന്ന കാലമാണ്. ഋഗ്വേദം തർജ്ജമചെയ്യുന്ന സമയവും. പൊതുപരിപാടികളിൽനിന്ന് വിട്ടുനിൽക്കുകയാണ്. ആ നിലയ്ക്ക് സമ്മതിക്കുമോ എന്നറിയില്ല.

പകൽ വിസ്തരിച്ച് ഊണുകഴിച്ചാൽ ഒന്നരമണിക്കൂർ ഉറക്കമുണ്ട് വള്ളത്തോളിന്. ഉറക്കം കഴിഞ്ഞുള്ള നേരമാണത്രെ അദ്ദേഹത്തിന് ഉഷാറുള്ള സമയം. ഞങ്ങൾ ആ സമയത്താണ് എത്തിയത്. വള്ളത്തോളിനെ കണ്ടതും മാസ്റ്റർ എണീറ്റു. ഒപ്പം ഞങ്ങളും. "ഈ

കുട്ടികൾക്ക് നേരമ്പോക്കിന് ആൽബം കാണിച്ചുകൊടുക്കാ" എന്നു പറഞ്ഞ് വള്ളത്തോൾ അകത്തേയ്ക്കുപോയി. മുഖം കഴുകിവന്നു. ഞങ്ങൾ ആവശ്യം പറഞ്ഞു: "ദേശത്തെ മഹാകവിയെ ആരാധിക്കണംന്ന് തോന്ന്വാണ് കുട്ടികൾക്ക് അല്ലേ? എങ്ങനെ ആരാധിക്കണ്. കവിക്ക് ഒരു പണക്കിഴിതരാൻ ഭാവംണ്ടോ?" അദ്ദേഹം ചിരിച്ചുകൊണ്ട് ചോദിക്കുകയാണ്. വള്ളത്തോളിനെ നേരിട്ട് കാണുക. ഫലിതം കേൾക്കുക. മുതുകത്ത് തട്ടിയുള്ള സ്പർശം അനുഭവിക്കുക. അതിലും വലിയ ഭാഗ്യമുണ്ടോ. ഇതെല്ലാം അനുഭവിക്കാനായി.

പിൽക്കാലത്ത് വള്ളത്തോൾകവിത പഠിക്കുമ്പോഴും പഠിപ്പിക്കുമ്പോഴും ഈ രംഗങ്ങൾ ഓർമ്മവരുക പതിവായി. വായനാ സംസ്കാരം രൂപപ്പെട്ടതിനു പിന്നിൽ സ്ക്കൂൾ അദ്ധ്യാപകരുടെ പങ്കുണ്ട് എന്ന് കെ.പി. ശങ്കരൻ പറയും. വീട്ടിലെ അന്തരീക്ഷത്തിനും ഇതിൽ പങ്കുണ്ട്. കവിത എഴുതിക്കൊണ്ടായിരുന്നു കെ.പി. ശങ്കരന്റെ സാഹിത്യജീവിതത്തുടക്കം. ചെറിയ ക്ലാസ് മുതൽ എം.എ. വരെ അദ്ധ്യാപകരുടെ വത്സലശിഷ്യനായിമാറാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഈ ഗുരുത്വമാണ് ജീവിതയാത്രയിലെ മൂലധനം എന്ന് കെ.പി. ശങ്കരൻ പറയും.

"ഞാനത്ര നല്ല വായനക്കാരനാണെന്നു തോന്നുന്നില്ല. വീട്ടിൽ എന്തു കാരണം കൊണ്ട് എന്നറിയില്ല 'ഓടയിൽനിന്നും', 'സാഹിത്യമഞ്ജരി'യും ഉണ്ടായിരുന്നു. 'ഒരു നായർ സ്ത്രീയും മുഹമ്മദീയനും' ഞാൻ കാണാപ്പാഠം പഠിച്ചു. 'തിരുവിലവശൈലം' എനിക്കു ബോധിച്ചു. തിരുവില്വാമലയെ രായിരനല്ലൂർ മലയാക്കി ഞാൻ പുനർനിർമ്മിച്ചു. 'ഓടയിൽനിന്നി'ന്റെ, അതിലെ 'ഓട'യുടെ അർത്ഥം എനിക്ക് മനസ്സിലായില്ല. പൊട്ടിയ പെൻസിൽ ഇട്ട് എഴുതുന്ന ഓടയും, ഓടക്കുറ്റിയുമെ എനിക്കറിയൂ. ഓടയിൽ വീഴുക എന്നതിലെ ഓട എന്താണെന്നൊക്കെ പിന്നീടാണ് മനസ്സിലാവുന്നത്. 'മാർത്താണ്ഡവർമ്മ' വായിക്കുമ്പോൾ അതിലെ കൊട്ടാരം രായിരനല്ലൂരിലെ നാണത്തേയത്ത് മനയാക്കി പുനർനിർമ്മിച്ചു. അച്ഛൻ സന്ധ്യയ്ക്ക് തൈലം തേച്ചിങ്ങനെ നടക്കുമ്പോൾ സ്തോത്രങ്ങൾ ചൊല്ലുമായിരുന്നു. അതും എന്നെ സ്വാധീനിച്ചു. പിന്നെ ചെറുതുരുത്തി വായനശാലയിൽ നിന്നെടുത്ത പുസ്തകങ്ങൾ വായിച്ചു.

'മാതൃഭൂമി' ആഴ്ചപ്പതിപ്പിലെ വളരുന്ന സാഹിത്യം സ്വതന്ത്രലേഖനമായി മാറുന്ന കാലം. പി.എ. വാരിയർ അതിൽ സ്ഥിരമായി എഴുതുമായിരുന്നു. അദ്ദേഹത്തിന് എഴുതാൻ ഒരു സഹായിവേണം. പലപ്പോഴും ഞാനാവും. അദ്ദേഹത്തിന്റെ 'ചവിട്ടിക്കുഴച്ച മണ്ണ്' പകർത്തി എഴുതാൻ ഞാൻ സഹായിച്ചിട്ടുണ്ട്. പി.എ. വാരിയരാണ് എന്നെ എം.എയ്ക്ക് പറഞ്ഞയച്ചത്. ബി.എയ്ക്ക് 'മേഘസന്ദേശ'വും 'ശാകുന്തള'വും പഠിക്കാൻവേണ്ടി രണ്ടാംഭാഷ സംസ്കൃതമാക്കി. 'മേഘസന്ദേശം' പഠിപ്പിച്ചിരുന്ന ഹരിഹരൻമാഷോട് ഞങ്ങൾ സംശയങ്ങൾ ചോദിക്കും. ആ ശ്ലോകം പ്രക്ഷിപ്തമല്ലേ? എന്നിട്ട് മാരാരുടെ വ്യാഖ്യാനം കാണിക്കും. പ്രക്ഷിപ്തം എന്ന് എങ്ങനെയാണ് നിശ്ചയിക്കുക? അതു നിർണ്ണയിക്കാൻ നമ്മുടെ അഭിരുചിതന്നെ രേഖ.

കുട്ടികൃഷ്ണമാരാരുടെ സ്വാധീനം പറയാവുന്നതാണ്. കെ. കെ. രാജാവിന്റെ മകൻ രാജകുമാരനുണ്ണി. പി. ശങ്കരൻ നമ്പ്യാരുടെ ശിഷ്യൻ. പൈങ്കുളം വായനശാലാ വാർഷികത്തിന് ശ്രമക്കാരനായിരുന്നു. വീട്ടിലെ പൂമുഖത്ത് സാഹിത്യചർച്ച നടക്കുകയാണ്. 'വാല്മീകിയുടെ രാമൻ' വായിച്ച് മാരാരുടെ വാദങ്ങളൊക്കെ നിരത്തുകയാണ് രാജകുമാരനുണ്ണി. ഞാൻ 'രാജാങ്കണം' വായിച്ചു. ആ ശൈലി, അതിന്റെ ശക്തി ഒക്കെ ആകർഷിച്ചു.

### ഉറൂബിന്റെ ഉപദേശം

കുട്ടികൃഷ്ണമാരാരുടെ തർക്കബുദ്ധിയാർന്ന ശൈലി കെ.പി. ശങ്കരനെ സ്വാധീനിച്ചിട്ടുണ്ട്. ചില മുൻവിധികൾ മാരാർക്കുണ്ട്. നമ്പ്യാരെ ദഹിക്കായ്ക ഈ മുൻവിധിക്ക് ഉദാഹരണമാണ്. അത്തരത്തിലുള്ള ഉപാധിവച്ച വായന കെ.പി. ശങ്കരനും ഉണ്ടായിരുന്നു. അതു മാറിയത് പി.സി. കുട്ടികൃഷ്ണനുമായുള്ള ഒരു വർത്തമാനത്തിൽ നിന്നാണെന്ന് കെ.പി. ശങ്കരൻ പറയുന്നു: "നമ്പ്യാരെ അധികം വായിച്ചിട്ടില്ല എന്നറിഞ്ഞപ്പോൾ 'മാരാർ നമ്പ്യാരെക്കുറിച്ച് പറഞ്ഞതുകേട്ട് താൻ വായിക്കാതിരിക്കരുത്' എന്ന് കണ്ണ് തുറപ്പിച്ചത് പി.സിയാണ്. മാരാരുടെ മാനദണ്ഡം വ്യാസനായിരുന്നു. രംഗകല എന്ന നിലയിൽ മാരാർ തുള്ളലിനെ കണ്ടിട്ടില്ല എന്നു തോന്നുന്നു. 'കല്യാണസൗഗന്ധികം' വായിച്ചപ്പോഴാണ് മാരാരിൽ നിന്നു മാറി നമ്പ്യാരെ വിലയിരുത്താൻ അവസരമുണ്ടായത്. അമ്പരപ്പിക്കുന്ന കാവ്യശൈലി തന്നെ. ഭീമൻ കാടു തച്ചു തകർത്തു പോവുന്നതിനെ നമ്പ്യാർ വിവരിക്കുന്നത് നോക്കൂ:

"പെട്ടെന്നൊരു മരം
പൊട്ടിപ്പിളർന്നാശു
മറ്റതിൻ മീതെ പതിക്കുന്ന
നേരത്ത്
മറ്റതും ഖണ്ഡിച്ചു മറ്റതിന്മേൽ
വീണു
മറ്റതും മറ്റതും മറ്റതും ഭസ്മമായ്."

ഇങ്ങനെ എഴുതാൻ നമ്പ്യാർക്കേ സാധിക്കൂ. വിവിധ അറിവുകളുടെ വൻ ശേഖരം തന്നെയുണ്ട് നമ്പ്യാർ കവിതയിൽ.

സാഹിത്യനിരൂപമാണ് തന്റെ മേഖല എന്ന് തിരിച്ചറിഞ്ഞ കെ.പി. ശങ്കരൻ തന്നിലെ കവിയെ കുടഞ്ഞുകളഞ്ഞ് തന്റെ കാലഘട്ടത്തിലെ മൗലിക കവികളിലെ കാവ്യാംശം കണ്ടെത്തുകയായിരുന്നു. വൈലോപ്പിള്ളി, ഇടശ്ശേരി, ശങ്കരക്കുറുപ്പ്, കുഞ്ഞിരാമൻ നായർ, ബാലാമണിയമ്മ, എൻ.വി. കൃഷ്ണവാരിയർ എന്നീ കവികളെ വിശദമായി വിലയിരുത്തി എഴുതിയതിന്റെ പശ്ചാത്തലം അദ്ദേഹം വിവരിക്കുന്നു. ഒപ്പം വ്യക്തിയധിഷ്ഠിതമായ ആസ്വാദനത്തിന്റെ ആമുഖത്തോടെ എഴുതുന്ന സമ്പ്രദായത്തെക്കുറിച്ചും അദ്ദേഹം പറയുകയുണ്ടായി.

"നമ്മൾ വായിച്ചു വളരുന്നത്, അല്ലെങ്കിൽ ആ കാലഘട്ടത്തിലെ കവികൾ ആരൊക്കെ എന്നത് ആസ്വാദനത്തെ ബാധിക്കും. സ്വാഭാവികമാണത്. വൈലോപ്പിള്ളി അടക്കമുള്ള തലമുറയിലെ കവികൾ എന്റെ അഭിരുചിയെ രൂപപ്പെടുത്തുന്നതിൽ നല്ല പങ്ക് വഹിച്ചിട്ടുണ്ട്. ആദ്യം കവിതയും കഥയും എഴുതിയതിന്റെ ഫലമാവാം അനുഭവത്തിൽ തൊട്ട് തുടങ്ങൽ. വൈലോപ്പിള്ളി മാസ്റ്റർ ഗാഢമായ വാത്സല്യം നൽകിയിട്ടുണ്ട്. വ്യക്തിപരമായി ഓർക്കാൻ ധാരാളമുണ്ട്. പല പ്രാവശ്യമായി അത് എഴുതിയിട്ടും ഉണ്ട്. 'സ്നേ

ഹാധികാരശകാരഘോഷം' എന്ന മട്ടായിരുന്നു പലർക്കും വൈലോപ്പിള്ളി മാസ്റ്ററുമായുള്ള ബന്ധം.

അക്കിത്തം, ഒളപ്പമണ്ണ, സുഗതകുമാരി, വിഷ്ണുനാരായണൻ നമ്പൂതിരി, കക്കാട് തുടങ്ങിയവരുടെ കവിതകളോട് പ്രത്യേക ആഭിമുഖ്യം കെ.പി. ശങ്കരനുണ്ട്. നേരത്തെ പറഞ്ഞ കവികളുടെ പഠനത്തിന്റെ തുടർച്ച എന്നോണം ഈ കവികളെപ്പറ്റി അദ്ദേഹം ധാരാളം എഴുതി. അവതാരികകളായും അവലോകനങ്ങളായും. ഈ സവിശേഷ താല്പര്യത്തെക്കുറിച്ച് അദ്ദേഹം പറയുന്നത് ഇങ്ങനെ:

"നമ്മൾ കവിതയിൽ ആശിക്കുന്നത് അവർ തരുന്നുണ്ട്. ആശിക്കുന്നത് വെറും ആശയമല്ല. ആശയത്തിനൊരു സമാന്തരം വേണം. അത് അക്കിത്തത്തിന്റെയും ഒളപ്പമണ്ണയുടെയും വിഷ്ണുനാരായണൻ നമ്പൂതിരിയുടെയും കവിതകളിലുണ്ട്. ഇവരെപ്പറ്റി മാത്രമല്ല പുലാക്കാട്ട് രവീന്ദ്രനെക്കുറിച്ചും എഴുതിയിട്ടുണ്ട്. പുലക്കാട്ടു രവീന്ദ്രന്റെ കവിതയുമായി താദാത്മ്യം പ്രാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആശയത്തെ അനുഭവത്തിലൂടെ താദാത്മ്യം പ്രാപിക്കാൻ പറ്റുന്ന പാകത്തിൽ പുലക്കാട്ട് രവീന്ദ്രൻ അവതരിപ്പിച്ചിട്ടുണ്ട്.

## ശങ്കുണ്ണി നായരുടെ ഉയരം

മലയാള നിരൂപണശാഖയെ കെ.പി. ശങ്കരൻ വിലയിരുത്തുന്നത് എങ്ങനെയാണ്? മാരാർ മുതൽക്കിങ്ങോട്ടുള്ള പലകാലങ്ങളിലെ പ്രസക്തരായവരെക്കുറിച്ച് സംസാരം നീണ്ടുപോയി. അവരെ എങ്ങനെ വായിച്ചു എന്നതിന്റെ രത്നച്ചുരുക്കവും കടന്ന് അവരിലെ നിരീക്ഷണരീതിയെ കണ്ടെടുക്കുന്നവിധത്തിലായിരുന്നു വർത്തമാനം.

"മാരാരുടെ ഉയരം പിന്നെ കാണുന്നത് എം.പി. ശങ്കുണ്ണിനായരിലാണ്. ആ ശൈലിക്ക് മൗലികതയും കുറുമ്പും ഉണ്ട്. പുതിയ അഭിരുചിയെ ആനയിക്കാൻ ശങ്കുണ്ണിനായർക്കു കഴിഞ്ഞു. 'ഛത്രവും ചാമരവും', 'കാവ്യവ്യുത്പത്തി', 'നാട്യമണ്ഡപം' എന്നീ പുസ്തകങ്ങൾ ശങ്കുണ്ണിനായർക്കുമാത്രം എഴുതാൻ കഴിയുന്നതാണ്. 'കാവ്യവ്യുത്പത്തി' അപൂർവമായ കവിതാപഠനഗ്രന്ഥമാണ്. മുണ്ടശ്ശേരിയുടെ എഴുത്തിലെ തന്റേടം എനിക്ക് ഇഷ്ടമാണ്. കെ. ഭാസ്ക്കരൻനായരുടെ ആവിഷ്ക്കരിക്കുന്ന, വാദിക്കുന്ന ചെയ്യുന്ന രീതി രസമാണ്. പ്രകൃതിവീക്ഷണം, പരിസ്ഥിതി ബോധം ഒക്കെ അന്നേ അദ്ദേഹം കൊണ്ടുവന്നിരുന്നു. സംസ്കാരപഠനം ആരംഭിച്ചതും ഭാസ്ക്കരൻനായരാണെന്നു പറയാം. സി.വിയെക്കുറിച്ച് 'ദൈവനീതിക്ക് ദാക്ഷിണ്യമില്ല' എന്ന ചെറിയൊരു പുസ്തകം അദ്ദേഹം എഴുതിയിട്ടുണ്ട്. നല്ല പഠനം.

മാരാരും പോളും തമ്മിൽ സാദൃശ്യങ്ങളുണ്ട്. 'കാവ്യകലയും ചിത്രകല'യും എന്ന ലേഖനം എം.പി. പോൾ എഴുതിയിട്ടുണ്ടല്ലോ. 'സൗന്ദര്യനിരീക്ഷണം' എന്ന പുസ്തകത്തിലും സംസ്ക്കാര വിമർശനത്തിന്റെ ഛായ കാണാം. സാന്ദ്രതയല്ല യുക്തിയുടെ തീക്ഷ്ണതയാണ് കുറ്റിപ്പുഴയുടെ ഉപന്യാസങ്ങളിൽ കാണുക. കേസരിയെ ഞാൻ മെനക്കെട്ടു പഠിച്ചിട്ടില്ല.

സമതുലിത വീക്ഷണം, പ്രസന്നമായ ആവിഷ്ക്കാരം എന്നിവകൊണ്ട് ഗുപ്തൻനായരുടെ നിരൂപണം വേറിട്ടുനിൽക്കുന്നു. ശക്തിയുള്ള വീക്ഷണമാണ് പി.കെ. ബാലകൃഷ്ണന്റേത്. ആധുനിക നിരൂപകരിൽ ആഭിമുഖ്യം വി. രാജകൃഷ്ണനോടാണ്. 'മറുതിരകാത്തു നിൽക്കുമ്പോൾ' എന്ന ശീർഷകം ആകർഷിച്ചു. കരണപ്രതികരണബന്ധമുള്ള രീതിയിൽ രാജകൃഷ്ണൻ എഴുതും. കെ.പി. അപ്പൻ ചർച്ച ചെയ്യുന്ന കൃതികളുമായി എനിക്കത്ര പരിചയം പോരാ. അതുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ അഭിപ്രായരൂപീകരണവുമായി ബന്ധവും ഇല്ല. നല്ല ശൈലിയാണ് അപ്പന്റേത്. ബി. രാജീവന്റേത് അഗാധമാണ്. പ്രകൃതിദർശനവും പരിസ്ഥിതിബോധവുമൊക്കെ ആഷാമേനോനിൽ ഉണ്ട്.

പി.കെ. രാജശേഖരന്റെ എഴുത്ത് ഇഷ്ടമാണ്. സുനിൽ പി. ഇളയിടത്തിന്റേത് സംസ്കാരപഠനങ്ങൾ തന്നെ. കെ.എം. നരേന്ദ്രനും നന്നായി എഴുതുന്നു. പുതിയവരിൽ കെ.വി. സജയ്. നല്ല അവതരണമാണ്. ചിലരുടെ വായിച്ചാൽ ഇങ്ങനെയാണോ വേണ്ടത് എന്നു തോന്നാം. അത് എന്റെ അഭിരുചിയുടെ പ്രശ്നമാണ്. എം.ടിയുടെ ഷെർലക്കിനെക്കുറിച്ച് ഞാൻ എഴുതിയിട്ടുണ്ട്. ടി. പദ്മനാഭന്റെ 'ഗൗരി'യെക്കുറിച്ചും. കെ.പി. ശങ്കരൻ എഴുതിയ അവതാരികകൾ സമാഹരിച്ചാൽ അതൊരു ബൃഹദ് പുസ്തകമാകും. അത്രയ്ക്ക് അവതാരികകൾ അദ്ദേഹം എഴുതിയിട്ടുണ്ട്.

മുതിർന്നു മൂപ്പെത്തിയവർക്ക് തൊട്ട് ഇളംതലമുറക്കാർക്കുവരെ. 'പാഠ'ത്തിലേക്ക് പഠിച്ചിറങ്ങി ആസ്വദനതലത്തിലുള്ള അവതാരിക. കവിതയെന്നോ കഥയെന്നോ ഭേദമില്ല. അവതാരികയിൽ ഉദാരനായ എഴുത്തുകാരൻ കൂടിയാണ് കെ.പി. ശങ്കരൻ. പുസ്തകപ്രകാശനവേളയിലെ പ്രസംഗം, പുസ്തകറിവ്യൂ എന്നിവ ഇതിന് അനുബന്ധമായും വരുന്നു. ആരുടെയും അവതാരികാ ആവശ്യം അദ്ദേഹം നിരസിച്ചിട്ടുണ്ടാവില്ല. കെ.പി. ശങ്കരന്റെ വായനയുടെ കൈയൊപ്പായി ഈ അവതാരികയെ അഭിമാനപൂർവം ഉയർത്തിക്കാണിക്കുന്നവരുണ്ട്. അവതാരിക എഴുത്തിനെക്കുറിച്ച് കെ.പി. ശങ്കരന്റെ പ്രതികരണം:

ഉള്ളൂരും എൻ.വിയുമൊക്കെ ധാരാളം അവതാരികകൾ എഴുതിയിട്ടുണ്ടല്ലോ. അവതാരികയിൽ 'സർഗാത്മകത'യുടെ ഒരു വശമുണ്ട്. ഒരു എഴുത്തുകാരനെ പുതുതായി പഠിക്കാനുള്ള അവസരമാണത്. പ്രത്യേകിച്ചും പോസിറ്റീവായി പഠിക്കാനുള്ള അവസരം. എൻ.ഡി. കൃഷ്ണനുണ്ണി, അകവൂർ നാരായണൻ, എം. അച്യുതൻ, കെ.പി. നാരായണപിഷാരൊടി, എസ്. ഗുപ്തൻനായർ തുടങ്ങിയവർ എന്നെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ഗുരുസ്ഥാനീയരാണവർ.

## 'സംസ്കാര'യുടെ വിവർത്തനം

യു.ആർ. അനന്തമൂർത്തിയുടെ 'സംസ്കാര'യുടെ വിവർത്തനത്തെക്കുറിച്ച്, ശിഷ്യരെക്കുറിച്ച് സംസാരം നീണ്ടു. 'ശിഷ്യർക്ക് ശങ്കരൻമാഷ്' അവസാനവാക്കാവുന്ന വിധത്തിലാണ് ആ ബന്ധം.

അനന്തമൂർത്തിക്ക് കേരളത്തെപ്പറ്റി നല്ല ബഹുമാനമായിരുന്നു. ഞാൻ മൈസൂരിൽ ചൊല്ലുമ്പോൾ റീജനൽ കോളേജ് ഓഫ് എഡ്യുക്കേഷനിൽ ഇംഗ്ലീഷ് വിഭാഗം തലവനാണ് അനന്തമൂർത്തി. ആ ഇടയ്ക്ക് 'സംസ്കാര' സിനിമ വന്നു. എതിർപ്പുകളൊക്കെ

ഉണ്ടായ സിനിമയാണ്. അങ്ങനെയിരിക്കെ 'സംസ്കാര' മലയാളത്തിലേക്ക് വിവർത്തനം ചെയ്യാനുള്ള അവസരമുണ്ടായി. ബാലഗോപാലവർമ്മ, അദ്ദേഹത്തിന്റെ പത്നി, വിശ്വനാഥൻ, ഞാൻ– ഞങ്ങളിരുന്ന് ചർച്ച ചെയ്യും. അവർ കന്നഡയിൽ വായിച്ചുതരും. ഞാനത് മലയാളത്തിലാക്കി പറഞ്ഞു കൊടുക്കും. ഈ ഒരു ചർച്ചയിൽനിന്ന് ഉരുത്തിരിഞ്ഞുവന്നതാണ് തർജ്ജമ. മൂന്നു മണിക്കൂറൊക്കെ എടുക്കുന്ന ചർച്ചയ്ക്കുശേഷം ഒരു പേജ് വിവർത്തനം ചെയ്യാലായി എന്ന മട്ടായിരുന്നു.

പി.എൻ. വിജയൻ എന്ന ശിഷ്യൻ അസ്സൽ കഥകളെഴുതിയിരുന്നു. പിന്നെ വേറൊരു പി.എൻ. വിജയൻ വന്നു. ആദ്യത്തെ പി.എൻ. വിജയൻ അധികം എഴുതിക്കണ്ടില്ല. 'ഭാരതപ്പുഴ'യൊക്കെ എഴുതിയ കഥാകൃത്ത് പി.എൻ. വിജയന് ഈയിടെ അറുപതു വയസ്സു തികഞ്ഞു. ഡോ. അനിൽ ചേലേമ്പ്രയാണ് മറ്റൊരു ശിഷ്യൻ. ഇപ്പോൾ കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ മലയാളം അദ്ധ്യാപകൻ. 'മാതൃഭൂമി' ആഴ്ചപ്പതിപ്പിൽ ഇംഗ്ലീഷ് ഭാഷാ പംക്തി കൈകാര്യം ചെയ്യുന്ന പി.കെ. ജയരാജ്. അങ്ങനെ നിരവധി പേരുണ്ട്.

ㅇ

കെ.പി. ശങ്കരൻ നാലുപതിറ്റാണ്ടായി മലയാള നിരൂപണരംഗത്തുണ്ട്. ചങ്ങനാശ്ശേരി എസ്.ബി. കോളേജിലും തൃശ്ശൂർ കേരളവർമ്മ കോളേജിലും കുറച്ചുകാലം അദ്ധ്യാപകനായി പ്രവർത്തിച്ചശേഷം 1967 മുതൽ മൈസൂർ റീജണൽ കോളേജ് ഓഫ് എജ്യുക്കേഷനിലെ മലയാള വിഭാഗത്തിൽ അദ്ധ്യാപകനായി. 2011–ൽ പിരിഞ്ഞു. 1966–ൽ സാഹിത്യ അക്കാദമി തുഞ്ചൻ പ്രബന്ധത്തിന് അവാർഡ്, 2004–ൽ 'അനുശീലന'ത്തിന് കേരള സാഹിത്യ അക്കാദമി അവാർഡ്, കെ.പി. നാരായണപ്പിഷാരൊടി പുരസ്ക്കാരം (2011) എന്നിവയാണ് അദ്ദേഹത്തിനു ലഭിച്ച പ്രധാന പുരസ്ക്കാരങ്ങൾ. സമീപനം, ഋതുപരിവർത്തനം, നവകം, അനുശീലനം, അഭിവാദ്യം, ആചാര്യസന്നിധിയിൽ, മറ്റൊരു വൈലോപ്പിള്ളി, ത്രിവേണി, കുളിരും തണലും, നിർദ്ധാരണങ്ങൾ നിഗമനങ്ങൾ എന്നിവയാണ് പുസ്തകങ്ങൾ. പത്നി കമലാദേവി അദ്ധ്യാപികയായിരുന്നു. വിവർത്തകയുമാണ്. ചിത്ര, രഘു എന്നിവർ മക്കൾ. ഇപ്പോൾ തൃശ്ശൂർ പൂത്തോളിൽ വായനയും എഴുത്തുമായികഴിയുന്നു.

മലയാള നിരൂപണശാഖയിലെ വാദവിവാദങ്ങളിൽനിന്ന് ഒഴിഞ്ഞ് സൂക്ഷ്മമായ ആസ്വാദനബോധത്തിൽ അടിയുറച്ച സഹൃദയത്വവുമായി കെ.പി. ശങ്കരൻ എഴുതിപ്പോരുന്നു. പുതിയ കാലത്തിന് അത് വേണ്ടത്ര പഥ്യമാവില്ലെങ്കിലും കെ.പി. ശങ്കരനെ സ്വാംശീകരിച്ച ഒരു വായനാസമൂഹമുണ്ട്. സൗന്ദര്യാത്മക വിശകലന പദ്ധതിയിലൂടെ ആ എഴുത്ത് ഇപ്പോഴും മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. ■


